എസ്.എൻ. കോളേജിൽ നടന്ന സമരം

84 (795) ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം എസ്.എൻ. കോളേജ് പടിക്കൽ ഏതെങ്കിലും വിദ്യാർത്ഥി സംഘടന നടപ്പു വിദ്യാഭ്യാസ വർഷത്തിൽ സമരം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് സംഘടനയെന്ന് പറയുമോ;

(ബി) ഈ സമരം നടക്കുമ്പോൾ കോളേജ് കൃാമ്പസിനുള്ളിൽ പ്രക ടനം നടത്തരുതെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ;

(സി) ഈ ഉത്തരവ് ലംഘിക്കപ്പെടാതിരിക്കുന്നതിന് പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) 22-11-99-ൽ വിദ്യാർത്ഥികൾ ഈ ഉത്തരവ് ലംഘിച്ചിട്ടുണ്ടോ;

(ഇ) കോളേജ് വളപ്പിൽ ഹൈക്കോടതി ഉത്തരവ് ലംഘിച്ച് പ്രകടനം നടത്തുകയും ചിലർ കോളേജ് വളപ്പിൽ കടന്നുകയറി കല്ലെറിയുകയും ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. കോളേജിൽനിന്നും പുറത്താക്കിയവരെ തിരികെ പ്രവേശി പ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ സമരം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പോലീസ് ബന്ധവസ്ത് നൽകി കൊണ്ടിരിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) വിദ്യാർത്ഥികൾ പ്രകടനം നടത്തിയിട്ടുണ്ട്. എന്നാൽ പുറത്തു നിന്ന് ആരും കോളേജ് കാമ്പസിനുള്ളിൽ കടക്കുകയോ കല്ല് എറിയുകയോ ചെയ്തിട്ടില്ല.

ജസ്റ്റീസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട്

85 (796) ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിവഗിരി സംഭവത്തെക്കുറിച്ച് ജസ്റ്റീസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത് എന്നായിരുന്നു ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ നിയമനങ്ങളും ശുപാർശകളും എന്തെ ല്ലാമാണ്;

(സി) റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിനുവേണ്ടി എന്ത് തുക ചെലവ് വന്ന് എന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 28.8.1999-ന്

(ബി) റിപ്പോർട്ടിലെ നിയമനങ്ങൾ അനുബന്ധമായി† ചേർത്തിട്ടുണ്ട്. ശിവഗിരിയിലെ ബ്രഹ്മ വിദ്യാലയം പുനരുദ്ധരിക്കണമെന്നും ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് സ്കീമിലെ ക്ലാസ് 44 ഭേദഗതി ചെയ്യണമെന്നും പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബോർഡ് അംഗങ്ങളുടെ സ്ഥാനമേൽക്കൽ നടപടിക്രമങ്ങൾ നിർണ്ണയിക്കണമെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

(സി) ഗവൺമെന്റ് പ്രസ്സിൽ നിന്നും പ്രിന്റു ചെയ്തു കിട്ടിയാലുടൻ റിപ്പോർട്ടിന്മേൽ എടുത്ത നടപടിയുടെ സ്റ്റേറ്റുമെന്റുമായി റിപ്പോർട്ടിന്റെ കോപ്പികൾ സഭയിൽ വയ്ക്കുന്നതാണ്.

(ഡി) 46,63,000/- രൂപ ചെലവ് വന്നിട്ടുണ്ട്.

ശിവഗിരി ട്രസ്റ്റ് അഡ്മിനിസ്ട്രേറ്ററുടെ രാജി

86 (797) ശ്രീ കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ട ഡോ. ശാർങ്ധരൻ തല്സ്ഥാനത്ത് നിന്നും രാജി വയ്ക്കുവാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) അദ്ദേഹം രാജിവച്ചശേഷം അഡ്മിനിസ്ട്രേറ്ററായി നിയമിച്ചതാരെയാണ്;

(സി) അദ്ദേഹത്തെ മാറ്റുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) രാജിവയ്ക്കുകയുണ്ടായില്ല. നിയമന കാലാവധി കഴിഞ്ഞതിനെ തുടർന്ന് തന്റെ മാതൃസ്ഥാപനമായ കേരള സർവ്വകലാശാലയിൽ അദ്ധ്യാപന വൃത്തിയിലേയ്ക്ക് മടങ്ങിപോകുന്നതിന് വേണ്ടി ഡോ. ശാർങ്ഗധരൻ താല്പര്യം പ്രകടിപ്പിച്ചത് കണക്കിലെടുത്തുകൊണ്ട് അദ്ദേഹത്തെ വിടുതൽ ചെയ്യുകയാണുണ്ടായത്;

(ബി) ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. കെ.എസ്. വിജയകുമാറിനെയാണ് നിയമിച്ചത്;

(സി) ഡോ. ശാർങ്ഗധരന്റെ വിടുതൽമൂലം ഉണ്ടായ ഒഴിവ് അടിയന്തിരമായി നികത്താൻ, സർക്കാർ ശ്രീനാരായണധർമ്മ സംഘം ട്രസ്റ്റിന്റെ ഫയലുകൾ കൈകാര്യം ചെയ്യുന്ന, ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറിയായ ശ്രീ. കെ.എസ്.വിജയകുമാരന്റെ സേവനം ഉപയോഗപ്പെടുത്തുകയാണുണ്ടായത്. ഐ.എ.എസ്. കേഡറിലുള്ള ശ്രീ. ടി.ജി.രാജേന്ദ്രനെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചപ്പോൾ ശ്രീ. കെ.എസ് വിജയകുമാരൻ ആഭ്യന്തര വകുപ്പിൽ വീണ്ടും അഡീഷണൽ സെക്രട്ടറിയായി ചാർജ്ജെടുത്തിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly